ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.08.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ പ്രതിരോധ നയത്തിൽ ഓപ്പറേഷൻ സിന്ദൂർ പുതിയ വഴിത്തിരിവായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

   **Prime Minister Narendra Modi says Operation Sindoor is a new turning point in India's defence policy**

2. രാജ്യത്തെ സായുധ സേനകളിൽ വനിതകളുടെ പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം ശക്തമാക്കിയതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്

   **Defence Minister Rajnath Singh says the policy to promote women's representation in the country's armed forces has been strengthened**

3. വികസന കാര്യത്തിൽ ലഭ്യമായ എല്ലാ സാധ്യതകളും കേരളം പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ

Union Home Minister Amit Shah says Kerala should utilize all available opportunities in terms of development

4. പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി.

Supreme Court bans feeding of stray dogs in public places.

5. 2047ഓടെ വികസിത ഭാരതമാകുക എന്ന ലക്ഷ്യത്തിലെത്താൻ ഐഎസ്ആർഒയ്ക്ക് നിർണായ സംഭാവനകൾ നൽകാനാകുമെന്ന് ചെയർമാൻ വി നാരായണൻ.

ISRO can make a significant contribution to achieving the goal of becoming Viksit Bharat 2047, says Chairman V Narayanan.

6. 134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെൻറ് ഫൈനൽ നാളെ.

134th Durand Cup Football Tournament Final tomorrow.

&&&&&&&&&&&&&&&&&

PREZ – SHUBHANSHU SHUKLA

ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായി കൂടിക്കാഴ്ച നടത്തി. രാഷ്ട്രപതി ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ ശുക്ല തൻറെ ബഹിരാകാശ അനുഭവങ്ങൾ ശ്രീമതി മുർമ്മുവുമായി പങ്കുവയ്ച്ചു. ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായർ, ഗ്രൂപ്പ് ക്യാപ്റ്റൻ പുണ്യശ്ലോക് ബിസ്വാൽ, ഐഎസ്ആർഒ ചെയർമാൻ, സെക്രട്ടറി തുടങ്ങിയവരും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. ഗഗൻയാൻ ഉൾപ്പെടെയുള്ള ഭാവി ബഹിരാകാശ ദൗത്യങ്ങളിൽ രാഷ്ട്രപതി സംഘത്തിന് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

**EARLY-PM-KOLKATA-INTRO**

രാജ്യത്തെ ഗതാഗത സംവിധാനത്തിൽ വലിയ തോതിലുള്ള വികസനമാണ് ഉണ്ടായതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൊൽക്കത്തയിൽ 5,200 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്..........)

ലോകത്തെ മൂന്നാമത്തെ വലിയ മെട്രോ നെറ്റ്വർക്ക് ഇന്ത്യയിലാണെന്ന് ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി രാജ്യത്തെ മെട്രോ റൂട്ടുകൾ 1000 കിലോമീറ്ററായി വർദ്ധിച്ചതായും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PM – BIHAR

ഇന്ത്യയുടെ പ്രതിരോധ നയത്തിൽ ഓപ്പറേഷൻ സിന്ദൂർ പുതിയ വഴിത്തിരിവായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിലെ ഗയയിൽ 13,000 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലേക്ക് ഭീകരരെ അയക്കുകയോ ആക്രമണം ആസൂത്രണം ചെയ്യുകയോ ചെയ്ത ശേഷം ആർക്കും രക്ഷപ്പെടാൻ ആവില്ലെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## STRAY DOG

പൊതു ഇടങ്ങളിൽ തെരുവ് നായ്ക്കൾക്ക് ഭക്ഷണം നൽകുന്നത് വിലക്കി സുപ്രീം കോടതി. ഇത്തരത്തിൽ ഭക്ഷണം നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും പ്രത്യേക ഇടങ്ങൾ ഒരുക്കാനും മൂന്നംഗ ബെഞ്ച് ഉത്തരവിട്ടു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഇത് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചു. പിടികൂടുന്ന തെരുവ് നായ്ക്കളെ വിട്ടയയ്ക്കരുതെന്ന മുൻ ഉത്തരവും കോടതി സ്റ്റേ ചെയ്തു.

&&&&&&&&&&&&&&&&&

## RAJNATH SINGH UN WOMEN (INTRO)

ഐക്യരാഷ്ട്ര സഭയുടെ സമാധാന ദൗത്യങ്ങളിലെ വനിതാ പങ്കാളിത്തത്തെ ശക്തമായി പിന്തുണയ്ക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ന്യൂഡൽഹിയിൽ ഐക്യരാഷ്ട്രസഭയിലെ വനിതാ മിലിട്ടറി ഓഫീസർമാരുമായി സംവദിക്കുകയായിരുന്നു ശ്രീ സിങ്. രാജ്യത്തെ സായുധ സേനകളിൽ വനിതകളുടെ പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയം സർക്കാർ ശക്തമാക്കുന്നതായും ശ്രീ സിങ് പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&

**KOCHI UNION MINISTER**

സംസ്ഥാനത്തിന്റെ വികസനം സംബന്ധിച്ച വിഷയത്തിൽ, കേരളത്തിന് മുന്നിൽ ലഭ്യമായ എല്ലാ സാധ്യതകളും പര്യവേഷണം ചെയ്യണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. കൊച്ചിയിൽ സ്വകാര്യ മാധ്യമം സംഘടിപ്പിച്ച വികസന ഉച്ചകോടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മോദി സർക്കാർ ദുരന്തനിവാരണത്തിനായി കേരളത്തിന് 5100 കോടി രൂപ നൽകിയിട്ടുണ്ടെന്ന് ശ്രീ അമിത് ഷാ പറഞ്ഞു. തുടർന്ന് കൊച്ചിയിൽ ബിജെപി സംസ്ഥാന നേതൃയോഗത്തിലും അദ്ദേഹം പങ്കെടുത്തു. കേരള സന്ദർശനത്തിന്

ശേഷം തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ ബി ജെ പി ബൂത്ത് കമ്മിറ്റി യോഗത്തിലും അമിത് ഷാ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&

## SC-ECI-SIR

വോട്ടർപട്ടികയിൽ പേര് ഉൾപ്പെടാതെ പോയ വോട്ടർമാരുടെ ക്ലെയിം ഫോമുകൾ ഓൺലൈനായി സ്വീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് നിർദ്ദേശിച്ച് സുപ്രീം കോടതി. കമ്മിഷൻ നിർദേശിച്ച 11 രേഖകളിൽ ഏതെങ്കിലും ഒന്നോ ആധാർ കാർഡോ ഉപയോഗിച്ച് ഫോം സമർപ്പിക്കാമെന്നും കോടതി വ്യക്തമാക്കി. ജൂൺ 26 ന് ബീഹാറിലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച കമ്മിഷൻ ഉത്തരവ് ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി.

&&&&&&&&&&&&&&&&&&

## RAJNATH-DEFENCE

നവീകരണവും സാങ്കേതിക വികസനവും പ്രോത്സാഹിപ്പിച്ചുകൊണ്ടും ആഭ്യന്തര കമ്പനികൾക്ക് അനുയോജ്യമായ വളർച്ചാ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും ഇന്ത്യ ശക്തമായ പ്രതിരോധ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. അഞ്ചാം തലമുറ യുദ്ധവിമാനങ്ങൾ നിർമ്മിക്കുന്നതിനും വിമാന എഞ്ചിൻ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ രാജ്യത്തു നടക്കുന്നുണ്ടെന്നും ന്യൂഡൽഹിയിൽ നടന്ന ഒരു പരിപാടിയിൽ സംസാരിക്കവേ അദ്ദേഹം പറഞ്ഞു.

66,000 കോടി രൂപ ചെലവിൽ 97 തേജസ് യുദ്ധവിമാനങ്ങൾ നിർമ്മിക്കുന്നതിനായി എച്ച്എഎല്ലുമായി പുതിയ കരാറിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും രാജ്യരക്ഷാ മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## MANUAL SCAVENGERS

മാനുവൽ സ്കാവെഞ്ചർ തൊഴിൽ നിരോധനവും അവരുടെ പുനരധിവാസവും നിയമം, 2013 നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്രമന്ത്രി ഡോ. വീരേന്ദ്ര കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മോണിറ്ററിംഗ് കമ്മിറ്റി യോഗം അവലോകനം ചെയ്തു. 2013 ഡിസംബറിൽ പ്രാബല്യത്തിൽ വന്ന നിയമം മാനുവൽ സ്കാവഞ്ചിങ് പൂർണ്ണമായും ഇല്ലാതാക്കുന്നതും മാനുവൽ സ്കാവെഞ്ചർമാരുടെ സമഗ്രമായ പുനരധിവാസവും ലക്ഷ്യമിടുന്നു. ശുചിത്വ പ്രവർത്തനങ്ങൾക്കിടെയുള്ള മരണനിരക്ക് പൂജ്യം ആക്കുക എന്ന നമസ്തെ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനും മലിനജല, സെപ്റ്റിക് ടാങ്കുകൾ യന്ത്രവൽകൃതമായി വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കമ്മിറ്റി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## CHINESE AMBASSADOR

കഴിഞ്ഞ വർഷം കസാനിൽ നടന്ന ഇന്ത്യ-ചൈന നേതാക്കളുടെ കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതായി ഇന്ത്യയിലെ ചൈനീസ് അംബാസഡർ ഷു ഫി ഹോങ്. 'എസ്. സി. ഒ ഉച്ചകോടി 2025' മായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം പുനരാരംഭിച്ചതായും അദ്ദേഹം പറഞ്ഞു. ഈ വർഷത്തെ ആദ്യ പകുതിയിൽ, ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം 74 ബില്യൺ യുഎസ് ഡോളറായതായും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## ISRO CHAIRMAN (INTRO)

2047ഓടെ വികസിത ഭാരതമാകുക എന്ന ലക്ഷ്യത്തിലെത്താൻ ഐഎസ്ആർഒയ്ക്ക് നിർണായ സംഭാവന ചെയ്യാനാകുമെന്ന് ചെയർമാൻ വി നാരായണൻ. ന്യൂഡൽഹിയിൽ നാഷണൽ മീറ്റ് 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രണ്ട് ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിൽ ഡോക്കിങ് ചെയ്യുകയും അൺഡോക്കിങ് ചെയ്യുകയും ചെയ്ത നാല് രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&&&&

## GOVT – CHIP DESIGN

രാജ്യത്തെ അർദ്ധചാലക ഡിസൈൻ മേഖലയെ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഡിസൈൻ ലിങ്ക്ഡ് ഇൻസെൻറീവ് പദ്ധതിയുടെ ഭാഗമായി 23 ചിപ്പ് ഡിസൈൻ പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകി കേന്ദ്ര സർക്കാർ. തദ്ദേശീയ നിർമ്മിത ചിപ്പുകൾ രൂപകൽപന ചെയ്യുന്നതിനാണ് ഈ പദ്ധതികൾക്ക് പിന്തുണ നൽകുന്നത്. സർവൈലൻസ് ക്യാമറകൾ, എനർജി മീറ്ററുകൾ, മൈക്രോപ്രോസസർ ഐപി കൾ തുടങ്ങിയവയിൽ ഇത് സഹായകമാകും.

&&&&&&&&&&&&&&&&&&

## SL PRESIDENT

മുൻ ശ്രീലങ്കൻ പ്രസിഡൻറ് റെനിൽ വിക്രമസിംഗെ കൊളംബോയിൽ അറസ്റ്റിലായി. ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെൻറ് ചോദ്യം ചെയ്യലിന് ശേഷമായിരുന്നു അറസ്റ്റ്. 2023ൽ ലണ്ടനിലേക്കുള്ള സ്വകാര്യ യാത്രയ്ക്കായി സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തതായ ആരോപണത്തിലാണ് അറസ്റ്റ്. സംഭവത്തിൽ റെനിൽ വിക്രമസിംഗെയുടെ മുൻ പ്രസിഡൻഷ്യൽ സെക്രട്ടറിയെയും പ്രൈവറ്റ് സെക്രട്ടറിയേയും നേരത്തെ ചോദ്യം ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെൻറ് ഫൈനൽ നാളെ പശ്ചിമബംഗാളിൽ നടക്കും. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഡയമണ്ട് ഹാർബർ, എഫ്.സി നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30നാണ് മത്സരം.

&&&&&&&&&&&&&&&&&

## VAZHOOR SOMAN

അന്തരിച്ച ഇടുക്കി പീരുമേട് എം എൽ എ വാഴൂർ സോമന് വിട നല്കി നാട്. അദ്ദേഹത്തിൻറെ ഭൗതികദേഹം ഔദ്യോഗിക ബഹുമതികളോടെ പാമ്പനാർ സ്മൃതി മണ്ഡപത്തിൽ സംസ്കരിച്ചു. ഇന്നലെ തിരുവനന്തപുരത്ത് റവന്യൂ അസംബ്ലിയിൽ പങ്കെടുത്ത് മടങ്ങവേയാണ് അദ്ദേഹത്തിന് ശാരീരിക

അസ്വാസ്ഥ്യമുണ്ടായത്. മന്ത്രിമാരുൾപ്പെടെ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&

## NQAS

കേരളത്തിലെ 2 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി മന്ത്രി വീണാ ജോർജ്. ഫോർട്ട് കൊച്ചി, വൈക്കം താലൂക്ക്

ആശുപത്രികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതോടെ സംസ്ഥാനത്ത് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ച ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം 255 ആയി.

&&&&&&&&&&&&&&&&&&

**BRAZIL TRUMP MEDDLING**

ബ്രസീലിൻറെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടരുതെന്ന് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിനോട് ബ്രസീൽ പ്രസിഡൻറ് ലുല ഡ സിൽവ. പരമാധികാരം എന്നത് അതിർത്തികളുടെയും വിഭവങ്ങളുടെയും സംരക്ഷണത്തിനപ്പുറമാണെന്നും അദ്ദേഹം പറഞ്ഞു. ബ്രസീലിനെ "ഭയാനകമായ വ്യാപാര പങ്കാളി" എന്ന് വിശേഷിപ്പിച്ച ട്രംപ് മുൻ ബ്രസീലിയൻ പ്രസിഡന്റ് ജെയർ ബോൾസോനാരോയ്ക്ക് എതിരായ വിചാരണ, രാഷ്ട്രീയ വധശിക്ഷ ആണെന്നും ആരോപിച്ചിരുന്നു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&